(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര അപ്പീലുകൾക്ക് തീരുമാനമെടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 2,952.

(ബി) 2,063.

(സി) 977.

സെക്രട്ടറിയേറ്റിലെ പട്ടികജാതി ഉദ്യോഗസ്ഥന്മാർ.

* 176. [67] ശ്രീ. സി. കൊച്ചുകുഞ്ഞു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിൽനിന്നും എത്രപേർ ഗവണ്മെന്റ് സെക്രട്ടറിയേറ്റ് സർവ്വീസിൽ ഉണ്ട് ;

(ബി) അവരിൽ ക്ലാർക്ക് സർവ്വീസുകാർ ആരെല്ലാമാണ് ;

(സി) ഇവരുടെ പരീക്ഷായോഗ്യത എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 52. (അൻപത്തിരണ്ട്)

(ബി&സി) 12 വിശദവിവരങ്ങൾ അടങ്ങിയ † സ്റ്റേറ്റുമെന്റ് മേശപ്പുറത്തു് വച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണം.

* 177. [68] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

നിർബന്ധിത വിദ്യാഭ്യാസമേഖലയിൽപെട്ട പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്കു് ഈ വർഷം ഉച്ചഭക്ഷണം കൊടുക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

നിർബന്ധിത വിദ്യാഭ്യാസമേഖലയിൽപെട്ട എല്ലാ പ്രൈമറിസ്കൂളുകളിലും വിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണം നൽകിവരുന്നുണ്ട്.

പെരുമ്പാവൂർ റയൺസ് ഫാക്ടറി.

* 178. [70] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ റയൺസ് ഫാക്ടറിയിൽ ഗവണ്മെന്റിനു എത്ര ശതമാനം ഷെയർ ഉണ്ട് ;

(ബി) ഗവണ്മെന്റ് എത്ര രൂപ ഈ ഫാക്ടറിക്കു് കടം കൊടുത്തിട്ടുണ്ട് ;

(സി) ഫാക്ടറി നടത്തിപ്പിൽ ഗവണ്മെന്റിനു എന്തെങ്കിലും കൈയുണ്ടോ ;

† Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫാക്ടറിയുടെ കണക്കുകൾ പരിശോധിപ്പിക്കുമോ;

(ഇ) അവിടെ നിർമ്മിക്കുന്ന സിൽവോസ് പേപ്പർ റീമിന് എന്തു വിലയ്ക്കാണ് വിൽക്കുന്നത്;

(എഫ്) അത് ബാംബെയ്ക്കുമാറ്റം കയറ്റി അയയ്ക്കുന്നത് വിമാനമാർഗ്ഗമാണോ;

(ജി) ബാംബെയിൽ ഈ പേപ്പർ റീമിന് എന്തു വിലയ്ക്ക് വിൽക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പിരിഞ്ഞുകിട്ടിയ മൂലധനത്തിന്റെ 20 ശതമാനം.

(ബി) 96 ലക്ഷം രൂപ കടം കൊടുത്തിട്ടുണ്ട്.

(സി) 1. കമ്പനിയുടെ ഡയക്ടർബോർഡിൽ ഗവണ്മെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ഗവണ്മെന്റ് കമ്പനിയുടെ കണക്കുകൾ പരിശോധിക്കുകയും ആഡിറ്റുചെയ്യുകയും ചെയ്യുവരുന്നു.

(ഡി) ഉണ്ട്.

(ഇ) കള്ളർപേപ്പർ റീമിന 53-8-0 രൂപയും കള്ളറില്ലാത്ത പേപ്പറിന റീമിന 46 രൂപയും വിലയുണ്ട്. ഈ വില എഫ്. ഒ. ആർ. ഡസ്റ്റിനേഷൻ ആണ്.

(എഫ്) ചിലപ്പോൾ ആവശ്യാനുസരണം വിമാനമാർഗ്ഗം അയയ്ക്കാറുണ്ട്. സാധാരണ അയയ്ക്കാറുള്ളത് റെയിൽമാർഗ്ഗവും സ്റ്റീമർമാർഗ്ഗവുമാണ്.

(ജി). (ഇ)-യുടെ ഉത്തരം നോക്കുക.

ശ്രീമൂലം കൈത്തറിനെയ്ത്ത് കേന്ദ്രസഹകരണ സംഘം.

* 179. [71] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽസെസ്സ് ഫണ്ട് സ്കീം അനുസരിച്ച് ശ്രീമൂലം കൈത്തറിനെയ്ത്ത് കേന്ദ്രസഹകരണസംഘത്തിന് എത്ര രൂപ ഗ്രാന്റായി കൊടുത്തിട്ടുണ്ട്;

(ബി) ലോൺ ഇനത്തിൽ എത്രരൂപ കൊടുത്തിട്ടുണ്ട്;

(സി) ഡിപ്പോകൾക്കു നൽകിയ ഗ്രാന്റ് എത്ര;

(ഡി) റിബേറ്റിനത്തിൽ എത്ര രൂപ കൊടുത്തു;

(ഇ) ഗവണ്മെന്റിൽനിന്നും നൽകിയിട്ടുള്ള തുകകൾക്കു രജിസ്റ്റർചെയ്ത പ്രമാണങ്ങൾ നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സെൻട്രൽ സെസ്സ് ഫണ്ട് സ്കീം അനുസരിച്ച് ശ്രീമൂലം കൈത്തറിനെയ്ത്ത് സഹകരണ സംഘത്തിന 1,48,576-0-6 ഗ്രാന്റായി കൊടുത്തിട്ടുണ്ട്. ഈ തുക റിബേറ്റുഗ്രാന്റും ഡിപ്പോഗ്രാന്റും ഉൾപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly